**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല – അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.5-ന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ. (സാധാ) നം.3945/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/12/2015

പരാമർശം:-

1) പഞ്ചായത്ത് ഡയറക്ടറുടെ 18/04/2015-ലെ എം3-11022/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04/09/2015-ലെ L.F. 7553/P.T1/15 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം സർക്കാർ മാർഗ്ഗരേഖക്കുവിരുദ്ധമായി വിവിധ കാർഷികജലസേചനപദ്ധതികകൾക്കായി വൈദ്യുതസംവിധാനം ഏർപ്പെടുത്തുന്നതിനും വയറിംഗ് സാമഗ്രികൾക്കും മറ്റുമായി ചെലവുചെയ്ത 101800/-രൂപയ്ക്ക്(ഒരുലക്ഷത്തിആയിരത്തിഎണ്ണൂറ് രൂപ മാത്രം) സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ആഡിറ്റ് നിർദ്ദേശിച്ചിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്,ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് ഡയരക്ടർ മുഖേന സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയരക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം

നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്തിലെ അന്യംനിന്നുപോകുന്ന കാർഷികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് സഹായകമായ പദ്ധതി എന്ന നിലയും പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൻറെ 2007-2008 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 1,01,800/- രൂപയ്ക്ക്(ഒരുലക്ഷത്തിആയിരത്തിഎണ്ണൂറ് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

സെക്രട്ടറി, അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ